**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1412 — 15.6.2012-ൽ മറുപടിയ്ക്ക്

**'വീട്ടിൽ ഒരു മാവ്' പദ്ധതി**

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. ജെയിംസ് മാത്യു | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) 'വീട്ടിൽ ഒരു മാവ്' പദ്ധതി ഏതെല്ലാം മണ്ഡലത്തിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്; | (എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള 2011-12 സാമ്പത്തിക വർഷത്തിൽ മാവിന്റെ വിളവിസ്തൃതി വ്യാപനം 'വീട്ടിൽ ഒരു മാവ്' എന്ന പേരിലാണ് നടപ്പിലാക്കിയത്. ഈ പദ്ധതിയെ കേരള സർക്കാരിന്റെ നിറവ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 9 ജില്ലകളിലെ 11 നിയോജക മണ്ഡലങ്ങളിൽ ആണ് നടപ്പിലാക്കിയത്. കൂടാതെ പത്തനംതിട്ടയിലെ 5 നിയോജക മണ്ഡലങ്ങളിലും എറണാകുളം ജില്ലയിലെ 2 നിയോജക മണ്ഡലങ്ങളിലും മലപ്പുറം ജില്ലയിലെ 8 നിയോജക മണ്ഡലങ്ങളിലും നിറവിൽ ഉൾപ്പെടാതെ വീട്ടിൽ ഒരു മാവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>വീട്ടിൽ ഒരു മാവ് പദ്ധതി നടപ്പിലാക്കിയ നിയോജക മണ്ഡലങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | നിയോജക മണ്ഡലം |
|---|---|---|
| 1. | കൊല്ലം | പത്തനാപുരം |
| 2. | ആലപ്പുഴ | ചെങ്ങന്നൂർ |
| 3. | ഇടുക്കി | തൊടുപുഴ |
| 4. | എറണാകുളം | പറവൂർ (നിറവ് നിയോജക മണ്ഡലം) തൃപ്പൂണിത്തറ, പള്ളുരുത്തി |
| 5. | തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| 6. | മലപ്പുറം | കോട്ടക്കൽ (നിറവ് നിയോജക മണ്ഡലം) വേങ്ങര, തിരൂരങ്ങാടി, നിലമ്പൂർ, മങ്കട, പെരിന്തൽമണ്ണ, കുണ്ടോട്ടി, മഞ്ചേരി, വള്ളിക്കുന്ന്. |
| 7. | കോഴിക്കോട് | പേരാമ്പ്ര, നാദാപുരം, ബാലുശ്ശേരി |
| 8. | വയനാട് | കല്പ്പറ്റ |
| 9. | കണ്ണൂർ | കൂത്തുപറമ്പ് |
| 10. | പത്തനംതിട്ട | പള്ളിക്കൽ, നെടുമ്പുറം, കൊട്ടാങ്കൽ, കുളനട, വള്ളിക്കോട് |

ബി) എത്ര വീടുകളിൽ ഇതിനകം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി 2,30,894 വീടുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

സി) വടക്കൻ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ മണ്ണിന്റെ പ്രത്യേകതയനുസരിച്ച് ഏറ്റവും അനുയോജ്യമായ 'കുറ്റ്യാട്ടൂർ' മാവിന്റെ തൈകൾ ഉപയോഗിക്കാമെന്ന ഉറപ്പ് പാലിക്കപ്പെടുമോ ?

(സി) ബാധകമല്ല.

Snehama

**സെക്ഷൻ ഓഫീസർ**